ഉത്തരം

(എ) ദേശീയപാത നാലുവരിപ്പാതയാക്കുന്നതിന് അലൈൻമെന്റ് പ്രശ്നങ്ങൾ അതായത് ആരാധനാലയങ്ങൾ, സാമൂഹിക സാംസ്കാരിക പ്രാധാന്യമുള്ള കെട്ടിടങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ദേശീയപാതയുടെ അലൈൻമെന്റിലെ ഓരോ പ്രദേശങ്ങളിൽ നിന്നുള്ള മേൽ പറഞ്ഞ തരത്തിലുള്ള പരാതികൾ ബന്ധപ്പെട്ട ജില്ലാ ഭരണകൂടം പരിശോധിച്ചുവരുന്നതേയുള്ളൂ.

(ബി&സി) പുതുക്കിയ കേന്ദ്ര എൽ.എ. ആക്ട് പ്രകാരം സംസ്ഥാനത്തെ ദേശീയപാതാ വികസനത്തിനായി സ്ഥലം ഏറ്റെടുത്തിട്ടില്ല.

തോട്ടുകര പാലം നിർമ്മാണം

328 (1413) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പടന്ന പഞ്ചായത്തിലെ തോട്ടുകര പാലം നിർമ്മാണത്തിനുള്ള ഭരണാനുമതി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ തോട്ടുകര പാലം നിർമ്മിക്കുന്നതിനുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. ആയത് ലഭ്യമായ ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

പെരുമൺ പാലം നിർമ്മാണം

329 (1414) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമൺ പാലം നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ തുക വകയിരുത്തുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly